# ഇൻഫോസീഡ്



# ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

# മായന്നൂർ സ്കൂൾ

# OUR PATRON



# നമ്മുടെ സാരഥികൾ



പ്രിൻസിപാൾ-ആന്റോ കാഞ്ഞിരത്തിങ്കൽ



ഹെഡ്മാസ്റ്റർ-ജോൺസൺ.സി.വി.



*ഡെപ്യൂ.ഹെഡ് മിസ്ട്രസ് - ജി . മിനി ജോർജ്ജ്*


KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little
KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി ക്ലബ്
രജി. നമ്പർ LK/2019/24021
സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ
മായന്നൂർ, തൃശ്ശൂർ – 679 105
ഫോൺ: 04884-286060
ഇ മെയിൽ: stthomasschoolmayannur@gmail.com

# കൈറ്റ് അധ്യാപികമാർ



റെനി.കെ.പയസ്സ്



ഷീബ ഡേവീസ്

# EDITORIAL BOARD

**Abhimannia A M**



**Sreehari. M**



**Jithin krishna**



**Aswathy. R**



**Jesna T.J**



# KNOW YOUR SCHOOL

## SCAN -- QR CODE



# ക്രിസ്തുമസ് കാലം

മാനം മാനം തെളി മാനം
താരം നിറയും തെളിമാനം
വണ്ടി നിറച്ചും സമ്മാനം
കണ്ടാൽ ആർക്കും ബഹുമാനം
കിട്ടും നല്ലൊരു സമ്മാനം
കിട്ടിയ കുഞ്ഞിന്നഭിമാനം
ക്രിസ്തുമസ് സ്റ്റാറുകൾ തെളിഞ്ഞല്ലോ
ക്രിസ്തുമസ് കേക്കുകൾ നിരന്നല്ലോ
ക്രിസ്തുമസ് ഫാദർ വന്നല്ലോ
ഹാപ്പി ക്രിസ്തുമസ് പാടുക നാം
ക്രിസ്തുമസ് ട്രീകൾ പൂത്തല്ലോ
ക്രിസ്തുമസ് ട്രീമുകൾ വന്നല്ലോ
ക്രിസ്തുമസ് കാലം അണഞ്ഞല്ലോ
ഹാപ്പി ക്രിസ്തുമസ് പാടുക നാം

GOPIKA R. G

# നമ്മളൊന്ന്

നമ്മൾ ഒന്നാണ് കുട്ടുകാരെ
എത്ര നാള് പിരിഞ്ഞാലും
ഏതു പഠിപ്പ് മറന്നാലും
നമ്മൾ ഒന്നാണ് കുട്ടുകാരെ
കളകളം ഒഴുകും കണ്ണുനീരും
കാട്ടരുവിയിലെ കുളി നീരും
നിന്നിൽ മുത്തു മുത്തായി
പൊഴിയും വാക്കുകൾ
മണി മുത്തു പോലെ എൻ മനസ്സിൽ
മായാ തിരിക്കും പൊന്നു മുത്തുകൾ
എത്ര നാള് പിരിഞ്ഞാലും
ഏതു പഠിപ്പു മറന്നാലും
നമ്മൾ ഒന്നാണ് കുട്ടുകാരെ
നമ്മൾ ഒന്നാണ് കുട്ടുകാരെ..

AKSHAYA.G
VI: D

# മോതിരവും ശേഖരനും

ഒരു ദിവസം ശേഖരൻ ഒരു ഗ്രാമത്തിൽ എത്തിപ്പെട്ടു. അവന് ഒരു വീട് പോലും ഇല്ലായിരുന്നു...... അനാഥനായിരുന്നു. അവൻ ഒരു ദിവസം കാട്ടിൽ പോയി. ആ കാട്ടിൽ അനവധി മൃഗങ്ങൾ ഉണ്ടായിരുന്നു. അവൻ കാടിന്റെ മധ്യത്തിൽ എത്തിയപ്പോൾ ആ കാടിന്റെ നടുവിൽ നിന്ന് അവന് ഒരു മോതിരം കിട്ടി. ശേഖരൻ പിന്നിലേക്ക് കാൽ ചുവട് വെച്ചില്ല. മുന്നിൽ ഒരു ചെറിയ പന്നി കുട്ടിയെ കണ്ടു. പന്നി കുട്ടിയെ കണ്ട് അവന് ഒരു ധൈര്യം കിട്ടിയതുപോലെ അവന് തോന്നി. അവൻ ആകെ മാറി ഏതോ ഒരു ശക്തി അവനിലെക്ക് കയറിയത് പോലെ ശേഖരന് അനുഭവപെട്ടു. പന്നി കുട്ടി അവന്റെ അടുത്തേക്ക് വന്നു. ആ പന്നികുട്ടി തന്നെ പോലെയാണ് എന്ന് ശേഖരന് മനസിലായി. പന്നി കുട്ടിയുടെ ഭാഷ അവന് അറിയാതെ പറഞ്ഞു. ശേഖരൻ അതിശയിച്ചു. എന്റെ കയ്യിലെ മോതിരത്തിന് ഇത്രയും കഴിവ് ഉണ്ട് എന്ന് അവനു മനസ്സിലായി ആയി. ആ മോതിരം അമർത്തിപ്പിടിച്ച് അവൻ പറഞ്ഞു. മോതിരം, എന്നെ ഗ്രാമത്തിലേക്ക് എത്തിക്കു..... മോതിരം അവനെ പരവതാനിയിൽ കയറ്റി ഗ്രാമത്തിൽ എത്തിച്ചു. അങ്ങനെ മോതിരം കൈകളിൽ വച്ച് ശേഖരൻ സുഖമായി ജീവിച്ചു.

AKSHAY V.S
VII: A

# യഥാർത്ഥ രത്നം

ഒരു രാജാവിന്റെ കൊട്ടാരത്തിൽ രാജസദസ്സ് നടക്കുകയായിരുന്നു. അപ്പോൾ ഒരാൾ അവിടെ വന്ന് രാജാവിനെ വാണങ്ങി കൊണ്ട് പറഞ്ഞു. ഞാൻ അനേകം രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള ഒരു വ്യാപാരിയാണ്. എനിക്ക് ഒരു ചോദ്യം ചോദിക്കാൻ ഉണ്ട്. ആ ചോദ്യത്തിന് ഉത്തരം ഇതുവരെ ആർക്കും പറയാൻ സാധിച്ചിട്ടില്ല. അങ്ങയുടെ സദസ്സിലുള്ള വിദ്വാന്മാരെയും രാജ്യത്തിൽ ആരെയും വെല്ലുവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജാവ് അയാൾക്ക് ചോദ്യം ചോദിക്കുവാൻ അനുമതി നൽകി. വ്യാപാരി തന്റെ സഞ്ചിയിൽ നിന്നും ഒരേ ആകൃതിയും വലിപ്പവും നിറവും ഉള്ള രണ്ട് കല്ലുകൾ പുറത്തെടുത്തു. അത് മേശപ്പുറത്തുവച്ചു. എന്നിട്ട് ചോദിച്ചു; ഇവയിൽ ഒന്ന് ഒ രത്നവും മറ്റേത് കുപ്പിച്ചില്ലും ആണ്. ഇതിൽ രത്നം ഏതെന്ന് കണ്ടുപിടിക്കുക?. കണ്ടുപിടിക്കുന്ന അയാൾക്ക് ആ രത്നം സ്വന്തമായി എടുക്കാം. ആർക്കും അതിന് കഴിഞ്ഞില്ലെങ്കിൽ ഈ രത്നത്തിന്റെ തുല്യമായ തുക അങ്ങ് എനിക്ക് നൽകേണ്ടതായി വരും. സദസ്സിലുണ്ടായിരുന്ന ഓരോരുത്തരും രത്നം ഏതാണെന്ന് തിരിച്ചറിയുവാൻ ശ്രമിച്ചു തുടങ്ങി. ആരും വിജയിച്ചില്ല. ഈ സമയം കാഴ്ചശക്തിയില്ലാത്ത ഒരുവൻ ഈ വെല്ലുവിളി ഏറ്റെടുത്തു. അയാൾ രണ്ടു വസ്തുക്കളെയും കൈകൊണ്ട് നന്നായി തൊട്ടുനോക്കി. അതിനു ശേഷം ശരിയായ രത്നമെടുത്തു വ്യാപാരിക്ക് കൊടുത്തു. വ്യാപാരി അത് തന്നെയാണ് രത്നമെന്ന് സമ്മതിച്ചു. അൽഭുതത്തോടെ രാജാവ് അന്ധനെ

വിളിച്ച് യഥാർത്ഥ രത്നം എങ്ങനെ കണ്ടുപിടിച്ചു എന്ന് ചോദിച്ചു. അന്ധൻ പറഞ്ഞു: അതിലൊന്ന് വെയിലേറ്റ് ചൂടായിരുന്നു. ശരിയായ രത്നത്തിന് വെയിലേറ്റിട്ടും ചൂട് ഉണ്ടായിരുന്നില്ല. അങ്ങനെയാണ് ഞാൻ ശരിയായ രത്നം മനസ്സിലാക്കിയത്.

കൂട്ടുകാരെ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ചൂടാകാതെ ഇരിക്കുന്ന വ്യക്തിയാണ് യഥാർത്ഥ രത്നം. അയാൾ ജീവിതത്തിൽ വിജയം നേടുന്നു. എന്നാൽ ജീവിതത്തിന്റെ പരീക്ഷണങ്ങളിൽ മനസ്സാന്നിധ്യം നഷ്ടപ്പെടുന്ന വ്യക്തി വെയിലേറ്റ് ചൂടാകുന്ന കുപ്പിചില്ല് പോലെയാണ്. അങ്ങനെയുള്ളവർ ഒരിക്കലും ജീവിതവിജയം നേടുന്നില്ല.

AJAY M.R
VII: A

# നമ്മുടെ കേരളം

മനോഹരമായ എന്നുടെ കേരളം
പച്ചനിറത്തിൽ ശോഭിക്കുന്ന
മലയാളത്തിൽ പെരുമഴയാണ്
കവിതകൾ ഉള്ളനാട്
കഥകളി പടയണി മോഹിനിയാട്ടം
തുടങ്ങിയ കലകൾ ഉണ്ടിവിടെ
മലയാളത്തിൽ പെരുമ അറിയിച്ച്
കവികളുണ്ട് നാട്ടിൽ
ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയും എല്ലാം
ഒഴിവു പോലെ ഇവിടെ കഴിയുന്നു
വനവും മലയും പുഴയും വയലും
കുളിരിൻ മഴയും തണലിൽ മരവും
കാണാമല്ലോ ഈ നാട്ടില്
മാവേലി വാഴുന്ന നാടാണ്
വീരന്മാർ ഉള്ള നാടാണ്
സത്യവും ധർമ്മവും നീതിയും എല്ലാം
നിറഞ്ഞു നിൽക്കുന്ന നാടാണ്
ഈശ്വരൻ തന്ന ഒരു നാടാണെ
കേരങ്ങൾ ഉള്ള ഒരു നാടാണേ
പരശുരാമൻ തന്നുടെ മഴു വാൾ
സൃഷ്ടിച്ചെടുത്ത ഒരു നാടാണെ
ഈശ്വരൻ തന്ന ഒരു വരം ആണല്ലോ
നമ്മുടെ സുന്ദര കേരളം

MANEESHA.M
V: C

# വിഷുപക്ഷി

എന്റെ വീട്ടുവളപ്പിൽ കാലംതെറ്റിയൊരു
കണിക്കൊന്ന പൂത്തു..... !
ഞാനതൊരു ട്രോളാക്കി വാങ്ങി
"വിഷുവരുമ്പോൾ ഞാനെന്തിന് പൂക്കണം
ഞാൻ പൂക്കുമ്പോൾ വിഷുവരട്ടെ,
അതല്ലേ ഹീറോയിസം."

ഏറെനാളുകൾക്കിപ്പുറം ഇന്ന്
പൂക്കുവാൻ കണിക്കൊന്നയില്ല !
തണലേകുവാൻ മരങ്ങളില്ല !അതൊരു സൂചനയായിരുന്നു
കാലം തെറ്റുന്നതെന്നൊരു സൂചന.

ഞാൻ ഇന്നു പ്രീതികരിക്കുന്നു, തിരക്കിലാണ്-
നവമാധ്യമങ്ങളിൽ സന്ദേശം കൈമാറാൻ
"മരം നട്ടു...... ഭൂമിയെ കാക്കു...... "
പിന്നെയും ഞാൻ സന്ദേശങ്ങളയക്കുന്നു ,
സ്വയം ഒരു തൈ നടാതെ, ഒരു തണൽ നടാതെ.... !!!

പ്രണബ്.സി.ബി

# അപ്പൂക്കുട്ടൻ ചെടി

അപ്പൂക്കുട്ടന് അപ്പൂപ്പൻ കുപ്പിയിൽ വളർത്തുന്ന ഒരു ചെടി കൊടുത്തു. അവൻ അത് വീട്ടിലെ ജനാലയുടെ അരികിൽ കൊണ്ടുവച്ചു. എന്റെ ചെടി വെയിലേറ്റു വാടരുത് എന്ന് പറഞ്ഞു അവൻ ജനാല അടച്ചിട്ടു. ദിവസവും വെള്ളം ഒഴിച്ചിട്ടും ചെടിക്ക് വാടിയിരിക്കുന്നു. അപ്പുവിനെ സങ്കടമായി. അതുകൊണ്ട് അമ്മ വന്ന് ജനാല തുറന്നിട്ടു. അപ്പുവിനെ അത് ഒട്ടും ഇഷ്ടമായില്ല. എങ്കിലും അവൻ വഴക്കൊന്നും ഉണ്ടാക്കിയില്ല. പിറ്റേന്ന് അതാ ചെടി ക്ഷീണമൊക്കെ മാറി ജനാലയിലൂടെ എത്തിനോക്കുന്നു. ഇതെന്താ അപ്പുവിനു ദേഷ്യവും സങ്കടവും വന്നു. അപ്പോഴാണ് അമ്മ പറഞ്ഞത്:" അപ്പൂക്കുട്ടാ ചെടി വളരണമെങ്കിൽ വെള്ളം മാത്രം പോരാ സൂര്യപ്രകാശവും വേണം." അത് നന്നായി കിട്ടുവാൻ ആണ് അമ്മ ജനല് തുറന്നിട്ടത്. അത് കേട്ട് കാര്യം പിടികിട്ടിയ അപ്പു ആവശ്യത്തിന് സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്തേക്ക് ചെടി കുപ്പി മാറ്റിവെച്ചു. ചെടി വളരണമെങ്കിൽ വെള്ളവും വളവും മാത്രം പോരാ, സൂര്യപ്രകാശവും അത്യാവശ്യം തന്നെയാണെന്ന് അങ്ങനെ മനസ്സിലായി.

MANEESHA M
V C

# കുട്ടിയും പട്ടിയും

ഒരു ദിവസം നിരഞ്ജൻ എന്ന പേരുള്ള കുട്ടി സ്കൂൾ വിട്ട് പോവുകയായിരുന്നു. അപ്പോൾ ആ കുട്ടി ഒരു നായക്കുട്ടിയെ കണ്ടു. അതിനെ ആരോ ഒരു പെട്ടിയിലാക്കി അവിടെ ഇട്ടിരിക്കുന്നു. ആ നായക്കുട്ടിയെ വീട്ടിലേക്ക് അവൻ കൊണ്ടുപോയി. വീട്ടിലെത്തിയപ്പോൾ അമ്മ നായ്ക്കുട്ടിയെ കൊണ്ടുവന്നതിന് വഴക്കു പറയുമോ എന്ന് വിചാരിച്ചു. പക്ഷേ അമ്മ വഴക്ക് ഒന്നും പറഞ്ഞില്ല. അപ്പോൾ അവന് വളരെ സന്തോഷമായി. അവന്റെ അച്ഛൻ നായക്കുട്ടിക്ക് വേണ്ടി ഒരു ചെറിയ കൂടും ഉണ്ടാക്കി കൊടുത്തു. അവൻ സ്കൂളിൽ നിന്ന് വരുന്നത് കാത്ത് നായ്ക്കുട്ടി നിൽക്കും.അവ നെ കണ്ടാൽ വാലാട്ടും. ദിവസവും അവൻ സ്കൂൾ വിട്ടു കഴിഞ്ഞ് നായ്ക്കുട്ടിയുടെ കൂടെ കളിക്കാറുണ്ടായിരുന്നു. അങ്ങനെ നായക്കുട്ടി വലുതായി.

ഒരു ദിവസം രാത്രി ആ കുട്ടിയുടെ വീട്ടിൽ കള്ളൻ കയറി. ആ സമയം നായ്ക്കുട്ടി കള്ളനെ കണ്ട് കുരച്ചു തുടങ്ങി. അങ്ങനെ ആ കള്ളനെ അവർക്ക് പിടിക്കാൻ കഴിഞ്ഞു. ഇതോടെ അവന്റെ അച്ഛനും അമ്മയ്ക്കും ആ നായക്കുട്ടിയെ കൂടുതൽ ഇഷ്ടമായി. അവർ അവനെ ആവശ്യമായതെല്ലാം കൊടുത്തു സ്നേഹത്തോടെ വളർത്തി.

MANEESHA M
V C

# മിന്നുവും ഭൂതവും

ഒരിക്കൽ മിന്നു ഒരു കാട്ടിലൂടെ പോവുകയായിരുന്നു. അവളുടെ ചെറിയമ്മ അവളെ വിറക് ശേഖരിക്കാനായി വിടുകയായിരുന്നു. അവൾക്ക് കാട്ടിലൂടെ നടന്നു പോകുമ്പോൾ വല്ലാതെ പേടി തോന്നി. എങ്കിലും ചെറിയമ്മയെ അനുസരിച്ചല്ലേ പറ്റൂ. അങ്ങനെ അവൾ പോകുമ്പോൾ ഒരു ആൽ മരത്തിനു ചുവട്ടിൽ ഒരാൾ ഇരിക്കുന്നു അവൾ ധൈര്യത്തോടെ അയാളുടെ ചോദിച്ചു:" നീ ആരാണ്?". അയാൾ പറഞ്ഞു :"ഞാനൊരു ഭൂതമാണ് ,എന്തേ, നിനക്ക് ഇനി പേടിയില്ലേ?"അവൾ പറഞ്ഞു :"പേടിയോ?, എനിക്കോ ?,എനിക്കൊരു പേടിയുമില്ല. നിന്നെക്കാൾ വലിയ ഭൂതത്തെ ഞാൻ കണ്ടിട്ടുണ്ട് ". "എന്ത്!, എന്നെക്കാൾ വലിയ ഭൂതമോ?!, ആരാണത് ?",അയാൾ ചോദിച്ചു. "എന്റെ ചെറിയമ്മ!........"; മിന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ എനിക്ക് നിന്റെ ചെറിയമ്മയെ കാണണമല്ലോ ?."എങ്കിൽ ശരി, നീ എന്റെ രൂപത്തിൽ ഇന്ന് വീട്ടിലേക്ക് പൊയ്ക്കോ ,അപ്പോൾ നിനക്ക് കാണാം";" അവൾ പറഞ്ഞു അപ്രകാരം പറഞ്ഞതനുസരിച്ച് ഭൂതം മിന്നുവിന്റെ വേഷത്തിൽ അവളുടെ വീട്ടിലേക്ക് പോയി.

വൈകുന്നേരമായപ്പോൾ ഭൂതം തിരിച്ച് മിന്നു വിന്റെ അരികിലെത്തി. "അയ്യോ, വയ്യേ!..... ശരിയാ, നിന്റെ ചെറിയമ്മ പണി ചെയ്യിപ്പിച്ച് എന്റെ നടുവൊടിച്ചേ....... എളുപ്പം അല്ല....നിന്റെ ചെറിയമ്മ!.... എങ്കിലും നീ പേടിക്കേണ്ട, ഞാൻ ചെറിയമ്മയെ ഒരു പാഠം പഠിപ്പിച്ചിട്ടുണ്ട്. ചെറിയമ്മയുടെ സ്വഭാവം എല്ലാം ഞാൻ മാറ്റി കൊടുത്തിട്ടുണ്ട് . നിനക്ക് അവിടെ ഇനി സുഖമായി ജീവിക്കാം". മിന്നുവിന് സന്തോഷമായി . അവൾ വീട്ടിലേക്ക് സമാധാനത്തോടെ പോയി.

MANEESHA M

# അമ്മുവും ചിന്നുവും

അമ്മുവും ചിന്നുവും ചങ്ങാതിമാരാണ്. അക്ഷരം പഠിച്ചു തുടങ്ങുന്നതേയുള്ളൂ. ഒരുദിവസം അമ്മു ചിന്നുവിന്റെ വീട്ടിൽ വന്നു. കുറച്ചു സമയം അവർ കളിച്ചു .പിന്നെ ചിത്രം വരച്ചു. പിന്നീട് പാവ കുട്ടികളുമായി കളിച്ചു.പിന്നെ മുറ്റത്ത് ഓടിക്കളിച്ചു. ഒടുവിൽ അവർക്ക് എല്ലാം മടുത്തു. "ഈ കളികൾ ഒന്നും ഒരു രസവുമില്ല." അമ്മുവാണ് പറഞ്ഞത്. ഇതുകേട്ട് ചിന്നു ചിരിച്ചു. എന്നിട്ട് അവൾ അകത്തേക്ക് പോയി, തിരിച്ചുവരുമ്പോൾ അവളുടെ കയ്യിൽ കുറച്ച് അരിമണികളും ഒരു പാത്രവും ഉണ്ടായിരുന്നു. ചിന്നു പാത്രം മേശപ്പുറത്തുവച്ചു. എന്നിട്ട് അരിമണികൾ അതിലേക്ക് ഇട്ടു. "ഇനി നമുക്ക് പുതിയൊരു കളി കളിക്കാം."; ചിന്നു പറഞ്ഞു, എന്നിട്ട് അരിമണികളിലൂടെ അവൾ അങ്ങോട്ടുമിങ്ങോട്ടും അക്ഷരങ്ങൾ എഴുതാൻ തുടങ്ങി. ഇതു കണ്ടുകൊണ്ടിരുന്ന അമ്മുവിനും രസം തോന്നി. അവളും എഴുതുവാൻ തുടങ്ങി അപ്പോൾ അമ്മ വന്നു "അറിവ് പകർന്നു നൽകുന്ന ഈ കളി നല്ല രസം ഉണ്ടല്ലോ"; അമ്മ പറഞ്ഞു. ഈ കളി എല്ലാ ചങ്ങാതിമാർക്കും പഠിപ്പിച്ചു കൊടുത്തോളൂ. കടലാസും പേനയും പെൻസിലും ഒന്നുമില്ലാതെ എഴുതിയും മായ്ച്ചും വീണ്ടും എഴുതിയും കളിക്കുന്നത് അവർ ആസ്വദിച്ചു കൊണ്ടിരുന്നു.

# TIPS FOR CHILDREN

- *Begin the day with God.*
- *Be humble, not proud.*
- *Admit your mistakes, don't deny them.*
- *Make yourself a friend to all.*
- *Avoid vulgarity in talk and behaviour.*
- *Prove yourself truthful in your words and deeds.*
- *Lend a helping hand to your parents at home.*
- *Lend a helping hand to your teachers and companions at school.*
- *Do your daily lessons.*
- *Don't allow stressful thought to get out of hand.*
- *End everyday with a prayer to God.*

# കുസൃതി ചോദ്യങ്ങൾ

1. കൊതുകും മനുഷ്യനും തമ്മിലുള്ള ബന്ധം?
2. കടലിൽ കൂടി യാത്ര ചെയ്യുന്ന ബസ്സ്?
3. ഒറ്റയ്ക്ക് സമൂഹ ഗാനം പാടിയതാര്?
4. വായിനോക്കികൾ കൊടുക്കുന്ന ഡിഗ്രി?
5. മോഹൻലാലും ബഹദൂറും രവിശാസ്ത്രി ചേർന്നാൽ?
6. ഇത് എന്റെ സ്വന്തം ആണ് ഇത് ഉപയോഗിക്കുന്നവർ മറ്റുള്ളവരാണ്?
7. ഒരിക്കലും പ്രസവിക്കാത്ത ആട്?
8. എത്ര വലിച്ചാലും നീളം കൂടുകയില്ല ചെറുതാകുകയും ചെയ്യും?
9. വീട്ടാവശ്യത്തിന് ഉപയോഗിക്കാൻ പറ്റാത്ത മുള?
10. ഒരാൾ കാറോടിച്ചു പോയപ്പോൾ റോഡിൽ ഒരു കൊച്ചു വട്ടം കിടക്കുന്നു ഡ്രൈവർ എന്ത് ചെയ്യും?
11. വിശപ്പുള്ള രാജ്യം?
12. വെള്ളത്തിൽ അലിയുന്ന പൂ?
13. ജനങ്ങൾക്ക് താമസിക്കാൻ പറ്റാത്ത സിറ്റി?
14. കടയിൽ നിന്ന് വാങ്ങാൻ കിട്ടാത്ത ജാം?
15. കാരറ്റ് മാത്രം വാങ്ങാൻ കിട്ടുന്ന കട?
16. ഫിഷ്ടാങ്കിൽ ഒരു മീൻ ചത്തപ്പോൾ ടാങ്കിലെ വെള്ളം കൂടി എന്താണ് കാരണം?
17. ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ലീഷ് അക്ഷരം?
18. രണ്ടു ബക്കറ്റ് നിറയെ വെള്ളമുണ്ട് അതിലൊരു ബക്കറ്റിന് ദ്വാരം ഉള്ളതാണ്. .എന്നാൽ ദ്വാരമുള്ള ബക്കറ്റിൽ നിന്ന് ഒരു തുള്ളി വെള്ളം പോലും പോകുന്നില്ല കാരണം എന്ത്?
19. ലോകത്തിലെ ഏറ്റവും ചെറിയ പാലം?
*20.കൃഷിക്ക് ഉപയോഗിക്കാൻപറ്റാത്ത വളം?*

# കമ്പ്യൂട്ടർ വൈറസ്

കംപ്യൂട്ടറുകളിൽ സൂക്ഷിച്ചിരിക്കുന്ന ഫയലുകളിൽ കടന്നുകൂടി സ്വന്തം കോപ്പി ചേർക്കുകയും അങ്ങനെ അതിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ വികലമാക്കുകയും ചെയ്യുന്ന പ്രോഗ്രാമുകളാണ് കമ്പ്യൂട്ടർ വൈറസ് എന്ന് പറയുന്നത്. വൈറസിനെ പോലെ സൂത്രത്തിൽ കടന്നുകൂടി അതിശീഘ്രം എണ്ണത്തിൽ വർദ്ധിച്ച് അവിടമാകെ വരുന്നതുകൊണ്ടാണ് ഇതിന് വൈറസ് എന്നു പറയുന്നത്. അല്ലാതെ യഥാർത്ഥ വൈറസുമായി യാതൊരു ബന്ധവുമില്ല. കമ്പ്യൂട്ടർ വൈറസ് വിവിധ തരത്തിലുണ്ട്

1. കമ്പ്യൂട്ടറിലെ ചില ഭാഗങ്ങൾ മാത്രം ആക്രമിക്കുന്നവ... ഉദാഹരണത്തിന് ഫയൽ വൈറസുകൾ, ക്ലസ്റ്റർ വൈറസുകൾ.
2. കമ്പ്യൂട്ടറുകളിൽ ചില പ്രത്യേക രീതിയിൽ ആക്രമിക്കുന്ന പ്രധാനപ്പെട്ട ഇനം പോളിമോർഫിക് വൈറസ്. ഫാസ്റ്റ്, സ്ലോ, സ്റ്റൽത്ത് വൈറസ് തുടങ്ങിയവ
3. മറ്റ്തരത്തിൽ ഇതിൽ ചെറിയ ഉപദ്രവങ്ങൾ ഉണ്ടാക്കുന്ന ഫൈ സിംഗ് അഡ്ഡർ തുടങ്ങിയ ഇനം വൈറസുകൾ

കമ്പ്യൂട്ടർ വൈറസുകൾ മറ്റുതരത്തിൽ നിരുപദ്രവകാരികളാണ് എങ്കിലും കമ്പ്യൂട്ടറിൽ സൂക്ഷിച്ചിരിക്കുന്ന

ഫയലുകൾക്ക് അനാവശ്യമായ എഴുത്തുകുത്തുകൾ നടത്താനും അവയുടെ പ്രവർത്തനം മന്ദഗതിയിൽ ആക്കാനും

*ചില സന്ദേശങ്ങൾ ഇടയ്ക്കിടെ സ്ക്രീനിൽ ഉയർത്തി കാണിച്ചു കൊണ്ടിരിക്കാനും അവയ്ക്ക് കഴിയും.*

# രോഗത്തിന് ആക്രമിക്കാൻ കഴിയാത്ത മനുഷ്യൻ

ഒരാൾ ശരിയായ ആഹാരരീതിയും ദിനചര്യയും പാലിക്കുമ്പോൾ ശരിയായി ചിന്തിച്ചതിനു ശേഷം മാത്രം കർമ്മനിരതൻ ആകുമ്പോൾ ഇന്ദ്രിയ സുഖം അനുഭവങ്ങളിൽ അമിതാവേശം കാണിക്കാതെ ഇരിക്കുമ്പോൾ ഉദാരമതിയായ ഇരിക്കുമ്പോൾ എല്ലാ ജീവജാലങ്ങളോടും സഹാനുഭൂതിയോടെ പെരുമാറുമ്പോൾ സത്യത്തെ മുറുകെ പിടിക്കുകയും മറക്കാനും പൊറുക്കാനും സന്നദ്ധനാവുകയും ചെയ്യുമ്പോൾ വിനയത്തോടെ മറ്റുള്ളവരെ സേവിക്കുമ്പോൾ തനിക്ക് ഉള്ളതുകൊണ്ട് സംതൃപ്തൻ ആയിരിക്കുമ്പോൾ ബുദ്ധിമാനായ അയാളെ ഒരിക്കലും ഒരു രോഗത്തിനും കീഴ്പ്പെടുത്താൻ ആകുന്നില്ല

*ചരകൻ*

# ക്യാപ്റ്റൻ ബോസിന്റെ ധീരത

*ആളിക്കത്തുന്ന അഗ്നിക്കു സമീപം നിന്നുകൊണ്ടാണ് ക്യാപ്റ്റൻ ബോസ് യാത്രക്കാരെയും രക്ഷപ്പെടുത്തിയത്. തനിക്ക് പൊള്ളലേറ്റാലും അവസാനത്തെ യാത്രക്കാരനും രക്ഷപ്പെടണം എന്ന് അയാൾ ആഗ്രഹിച്ചു. ക്യാപ്റ്റൻ ബോസ് സാഹസികനായ ഒരു മനുഷ്യനായിരുന്നു.അദ്ദേഹത്തെപ്പോലെ വീര കൃത്യങ്ങൾ*

*ചെയ്യുവാൻ നമുക്ക് കഴിഞ്ഞെന്നുവരില്ല. അതിനുള്ള സാഹചര്യങ്ങൾ ലഭിച്ചെന്നുവരില്ല. പക്ഷേ നമ്മുടെ ധീരതയും ത്യാഗ ബോധവും ആവശ്യമായി വരുന്ന ധാരാളം സന്ദർഭങ്ങൾ നമുക്ക് ലഭിക്കാറുണ്ട്. ഏറ്റവും പ്രധാനം നമ്മുടെ അനുദിന ജീവിതത്തിലെ ജോലികളും കടമകളും തുടക്കം കൂടാതെ എല്ലാ ദിവസവും ഭംഗിയായി ചെയ്യുകയാണ്. വല്ലപ്പോഴും പഠിച്ചത് കൊണ്ട് ആയില്ല, വർഷം മുഴുവൻ സ്ഥിരമായി പഠിക്കുക പരീക്ഷയെ എടുക്കുമ്പോൾ പ്രാർത്ഥിച്ചാൽ പോരാ. എല്ലാദിവസവും പ്രാർത്ഥനയിലൂടെ കുറച്ച് സമയമെങ്കിലും ഈശ്വര സന്നിധാനത്തിൽ ചിരിക്കാനും അവിടുത്തെ ആരാധിക്കാനും കഴിയണം. മറ്റുള്ളവരോട് ഇഷ്ടം തോന്നുമ്പോൾ മാത്രമല്ല സുഖം ഇല്ലാത്തപ്പോൾ പോലും ഹൃദ്യമായി പെരുമാറുക. പല കുട്ടികളും സത്യം പറയുക നല്ല വാക്കുകൾ മാത്രം സംസാരിക്കുക. അതിരാവിലെ എഴുന്നേൽക്കുക, സന്തോഷപൂർവ്വം അനുസരിക്കുക തുടങ്ങിയ നല്ല നിശ്ചയങ്ങൾ എടുക്കാറുണ്ട്. പക്ഷേ ബുദ്ധിമുട്ടുകൾ വരുമ്പോൾ അവൻ മറന്നുപോകുന്നു. ജീവിതത്തിൽ ഉയർന്ന വരണമെങ്കിൽ വലിയ കാര്യങ്ങൾ ചെയ്യണം എങ്കിൽ നിങ്ങളുടെ നല്ല തീരുമാനങ്ങളിലും നല്ല പ്രവർത്തനങ്ങളിലും സ്ഥിരമായി ഉറച്ച് നിൽക്കേണ്ടി വരുന്നു ക്യാപ്റ്റൻ ബോസ് നൽകുന്ന സന്ദേശം ഇതാണ്...*

# ഒരു പക്ഷിയെ പരിചയപ്പെടാം..........

# മലമുഴക്കി വേഴാമ്പൽ

*കേരളത്തിലെയും അരുണാചൽപ്രദേശ് ത്തെയും സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ. മലകളിൽ പ്രതിധ്വനിക്കുന്ന ശബ്ദവും ശക്തമായ ചിറകടിയൊച്ചയുമാണ് ഇവയ്ക്ക് മലമുഴക്കി എന്ന പേര് സമ്മാനിച്ചത്. ഏഷ്യയിൽ തന്നെ ഏറ്റവും വലിപ്പമേറിയ വേഴാമ്പൽ ആണിത്. കേരളത്തിൽ നെല്ലിയാമ്പതി അതിരപ്പിള്ളി വാഴച്ചാൽ, ചെന്തുരുണി കാടുകളിലാണ് പ്രധാനമായും കാണപ്പെടുന്നത്. ഏകദേശം 50 വർഷമാണ് ആയുസ്സ്. തലയിൽ കറുപ്പും മഞ്ഞയും കലർന്ന തൊപ്പിയാണ് ഏറ്റവും വലിയ സവിശേഷത. കൂട്ടമായാണ് വേഴാമ്പലുകൾ കഴിയുന്നത്. ഒരു കൂട്ടത്തിൽ ഇരുപതിൽ താഴെ വേഴാമ്പലുകൾ ഉണ്ടാകും. പഴങ്ങൾ പുഴുക്കൾ പ്രാണികൾ ചിലതരം ഇലകൾ എന്നിവയാണ് പ്രധാന ഭക്ഷണം. പെൺ വേഴാമ്പലിനെ ആണിനേക്കാൾ വലിപ്പം കുറവാണ്. ആണിനെ ചുവന്നതും പെണ്ണിനെ നീല കലർന്ന വെളുത്ത കണ്ണുകൾ ആണ് ഉള്ളത്. ....*

## നിറങ്ങളിലൂടെ.............ശ്രീവിദ്യ ടീച്ചർ......









# പ്രവേശനോത്സവം

2019 -2020 അധ്യയന വർഷം ജൂൺ ആറാം തീയതി പ്രവേശനോത്സവത്തോടെ പതിനൊന്നാം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും ഒരുമിച്ച് ഇത്തവണ ക്ലാസ്സുകൾ ആരംഭിച്ചു. സ്കൂൾ മാനേജർ ഫാദർ ജിജോ കപ്പിലാംനിരപ്പേൽ ഉദ്ഘാടനം ചെയ്തു



# പിടിഎ തിരഞ്ഞെടുപ്പ്

ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രസിഡണ്ടായി ശ്രീ. ബിജു കെ. ഐ, വൈസ് പ്രസിഡണ്ടായി ബാബു കണ്ണീരി, മാതൃവേദി പ്രസിഡണ്ടായി ശ്രീമതി സുമി സിബി, ഹൈസ്കൂൾ വിഭാഗത്തിൽ പിടിഎ പ്രസിഡണ്ടായി ശ്രീ സി ഹരിദാസ് വൈസ് പ്രസിഡണ്ടായി ശ്രീ. ഗിരീഷ് കുമാർ, എം. പി. ടി. എ. പ്രസിഡണ്ട് ശ്രീമതി ബിന്ദു ബൈജു, എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്

# സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

ഹയർസെക്കൻഡറി വിഭാഗം ലീഡർമാരായി ജോയ് എബ്രഹാം, സായി കൃപ എന്നിവരെയും ഹൈസ്കൂൾ ചെയർപേഴ്സൺ കുമാരി ഹരിത എം. എച്ച്, വൈസ് ചെയർമാൻ ജിഷ്ണു വി. യു. എന്നിവരെയും തിരഞ്ഞെടുത്തു.

# വായനാദിനം




വായനപക്ഷാചരണം അനുബന്ധിച്ച് 'പുഴകളും പുസ്തകങ്ങളും' എന്ന വിഷയത്തിൽ സിജോ മാഷിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി ഒരു ശില്പശാല നടത്തി. വിവിധ ഭാഷകളിൽ വായനാ മത്സരവും നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി എഴുത്തുപെട്ടി സ്ഥാപിക്കുകയും വായനകുറിപ്പുകൾ ശേഖരിക്കുകയും ചെയ്തു. കുട്ടികൾക്കായി മോട്ടിവേഷൻ ക്ലാസ്സുകളും നടത്തി.

# സൗഹൃദ ക്ലബ്ബ്

സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ ജില്ലാതല സഹവാസക്യാമ്പിൽ വിദ്യാർഥികൾ പങ്കെടുത്തു. രാമവർമ്മപുരം പോലീസ് അക്കാദമിയിലെ ബാബുസാർ കൗമാര കാലഘട്ടത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ലഹരി ഉപയോഗത്തെക്കുറിച്ചും ക്ലാസ് നടത്തി. അധ്യാപകർ വിദ്യാർത്ഥികളുടെ ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഭവന സന്ദർശനം നടത്തുന്നു.

# ശാസ്ത്രമേള

ജോമട്രിക്കൽ ചാർട്ട് ബോണിസ കെ. പി. എ ഗ്രേഡോടെ മൂന്നാം സ്ഥാനം നേടി. ഉപജില്ലാ തലത്തിൽ ഗണിത ടാലന്റ് സെർച്ചിൽ അമൽ കെ. ആർ. രണ്ടാം സ്ഥാനം നേടി.

# മികവ്




ഏഴാം ക്ലാസ് വിദ്യാർഥികൾക്കായി നടത്തിയ യു. എസ്. എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ ഗൗതം കൃഷ്ണ കെ. പി., എം.പി. പ്രവീണ, പാർവ്വതി പ്രവീൺ എന്നിവർ സ്കോളർഷിപ്പിന് അർഹത നേടി. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ അർച്ചന പി. എസ്., ദുർഗ എം.കെ., പ്രവീണ എം.പി. എന്നിവർ വിജയികളായി.

തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ സ്കോളർഷിപ്പ് പരീക്ഷയിൽ ഗൗതം കൃഷ്ണ രണ്ടാം സ്ഥാനം നേടി. മികച്ച ഇംഗ്ലീഷ് ടീച്ചർമാരായി ടിസി ടീച്ചറെയും പ്രിൻസി ടീച്ചറെയും തിരഞ്ഞെടുത്തു.

# കായികമേള

സബ് ജില്ലാ കായികമേളയിൽ 220 പോയിന്റ് നേടി നമ്മുടെ വിദ്യാലയം ഓവറോൾ ചാമ്പ്യന്മാരായി. ഹയർസെക്കൻഡറി വിഭാഗം റവന്യൂജില്ലാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ ഷിയാസ്, വിനീത്, നിഖിൽ,വിവേക്, ശിഹാബ്, ശ്രീകുമാർ, നിധിൻ എന്നിവരായിരുന്നു. ഫുട്ബോൾ ടീം റവന്യൂ ജില്ലയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

അത്‌ലറ്റിക് ഇനങ്ങളിൽ ബേസിൽ കെ.തോമസ് ,നിഖിൽ എം.എൻ., അൻസിൽ സി. എസ്., അഭിഷേക് പി., മുഹമ്മദ് ഫാരിസ്, വിവേക് ആർ., സഫർ അലി ,ശുഭ കെ. എസ്., ആഷിഫ് റഹ്മാൻ, സുനിൽ പി. എസ്. എന്നിവരെയും വുഷു മത്സരത്തിൽ ആഷിഫ് റഹ്മാനെയും റവന്യു ജില്ലാതലത്തിലേക്ക് തിരഞ്ഞെടുത്തു. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രത്യേക ഉപഹാരം നൽകി വിദ്യാലയത്തെ ആദരിക്കുകയുണ്ടായി.

# കരാട്ടെ ചാമ്പ്യൻഷിപ്പ്

ഹൈസ്കൂൾ വിഭാഗത്തിൽ പാർവതി പ്രവീൺ, ആതിര, അർജുൻ എം.കെ. എന്നിവർ ഗോൾഡ് മെഡലും സി.എസ്. പരിഷ്കൃത എന്നിവർ സിൽവർ മെഡലും നേടി . ഹയർസെക്കൻഡറി വിഭാഗത്തിൽ നിന്ന് റഹീം മോൻ, ഗോകുൽ രാജ് എന്നിവർ ഗോൾഡ് മെഡൽ നേടി.

# കലോത്സവം

ഉപജില്ല കലോത്സവത്തിൽ മലയാളം പദ്യപാരായണം, മാപ്പിളപ്പാട്ട് ,മലയാള പ്രസംഗം, ഹിന്ദി ഉപന്യാസമത്സരം, ലളിതഗാനം, വട്ടപ്പാട്ട് എന്നിവയിൽ ഗ്രേഡ് ലഭിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ ചെണ്ട വാദ്യത്തിൽ ശരത്ചന്ദ്രൻ പി. എമ്മിനും ഭരതനാട്യത്തിൽ ആർദ്ര സുജിത്തിനും മോഹിനിയാട്ടത്തിൽ അക്ഷതയ്ക്കും എ ഗ്രേഡ് ലഭിച്ചു. യു.പി. വിഭാഗം ദേശഭക്തി ഗാനത്തിനും ഫസ്റ്റ് ഗ്രേഡ് ലഭിക്കുകയുണ്ടായി. ഓട്ടൻതുള്ളലിൽ അഭിനന്ദന എ ഗ്രേഡ് നേടി

# ഹൈടെക് കമ്പ്യൂട്ടർ പരിശീലനം






ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ എട്ട് ,ഒൻപത് ക്ലാസ്സുകളിൽ നിന്നുള്ള 60 കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകിവരുന്നു. മാതാപിതാക്കൾക്ക് ഡിജിറ്റൽ പഠന വിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകി. വിവിധ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്തു നല്കുകയുണ്ടായി.

# മാതൃഭൂമി സീഡ് അവാർഡ്

ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ ബെസ്റ്റ് ടീച്ചർ കോർഡിനേറ്റർ അവാർഡിന് സിജോ മാസ്റ്ററെയും ജെം ഓഫ് സീഡ് അവാർഡിന് സ്നേഹ രമേശിനെയും മികച്ച രണ്ടാമത്തെ ഹരിതവിദ്യാലയം ആയി സെന്റ് തോമസ് സ്കൂളിനെയും തെരഞ്ഞെടുത്തു.

# കെ സി എസ് എൽ സംഘടന

കെ.സി.എസ്.എൽ.സംഘടനയുടെ ആഭിമുഖ്യത്തിൽ നമ്മുടെ സ്കൂളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ ,യൂണിഫോം ,ഓണക്കോടി എന്നിവ വിതരണം ചെയ്തു . ബഡ്സ് സ്കൂൾ സന്ദർശനം, ബോധവൽക്കരണ ക്ലാസുകൾ, മെഴുകുതിരി നിർമ്മാണം എന്നിവ സംഘടിപ്പിച്ചു .മികച്ച

## ഇൻഫോസീഡ്

കാരുണ്യ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ സ്കൂളിനെ ബെസ്റ്റ് ഹൈസ്കൂൾ ബോയ്സ് യൂണിറ്റ് ആയി തിരഞ്ഞെടുത്തു.





നവംബർ 14 ശിശുദിനമായി ആചരിച്ചു. കുട്ടികൾ പോസ്റ്റർ നിർമ്മാണവും വിവിധ കലാപരിപാടികളും അവതരിപ്പിച്ചു. ശിശുദിന റാലി അന്നേദിവസം നടത്തുകയുണ്ടായി






# എസ്. പി. സി. സംഘടന




കുട്ടികളിൽ പൗരബോധവും അച്ചടക്കവും മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള മനസ്ഥിതിയും വളർത്തുന്നതിനായി എസ്പിസി സംഘടന സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

# ക്രിസ്തുമസ് ദിനാഘോഷം





**അർദ്ധ വാർഷിക പരീക്ഷയ്ക്ക് ശേഷം ക്രിസ്മസ് ആഘോഷം നടത്തുകയുണ്ടായി. ക്രിസ്മസ് പാപ്പാ കുട്ടികൾക്ക് സന്ദേശം നൽകി. മാത്രമല്ല കേക്ക് വിതരണവും നടത്തി കുട്ടികളും അധ്യാപകരും തമ്മിൽ ഒരു സൗഹൃദ ഫുട്ബോൾ മത്സരവും നടത്തുകയുണ്ടായി.**

# ലഹരി വിരുദ്ധ ദിനം

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ലഹരി വിരുദ്ധ ജാഥ നടത്തുകയും ലഹരിക്കെതിരെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു. കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടി റോഡ് സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് നടത്തുകയുണ്ടായി





# മെറിറ്റ് ഡേ, ഗുരുവന്ദനം

കഴിഞ്ഞ വർഷത്തിൽ മികച്ച വിജയം നൽകി സ്കൂളിനെ 100 ശതമാനത്തിലേക്ക് എത്തിക്കുകയും കൂടുതൽ എ പ്ലസ്സുകൾ കരസ്ഥമാക്കുകയും ചെയ്ത കുട്ടികളെ ആദരിക്കുകയും അവർക്ക് ട്രോഫികൾ നൽകുകയും ചെയ്തു. മാത്രമല്ല അധ്യാപകരെ ആദരിക്കുകയും ചെയ്തു








# ജെ. ആർ. സി.

ജെ. ആർ. സി. യുടെ നേതൃത്വത്തിൽ സ്കൂളിൽ ശുചിത്വ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ ആരോഗ്യത്തിന്റെ കാര്യത്തിലും അവർ ശ്രദ്ധ പതിപ്പിക്കുന്നു. മറ്റുള്ള കുട്ടികൾക്ക് എങ്ങനെ സേവനം ചെയ്യാം എന്നതിന് അവർ മാതൃകയാണ്.







# THANK YOU